

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## കാർ തട്ടിക്കൊണ്ടുപോയി 25.5 ലക്ഷം രൂപ കവർച്ച നടത്തിയ സംഭവത്തിൽ 4 പേരെ കോങ്ങാട് പോലീസ് അറസ്റ്റ് ചെയ്തു.

മണ്ണാർക്കാട്, ഭീമനാട് സ്വദേശിയെ ഈ മാസം ഒന്നാം തിയ്യതി പുലർച്ചെ ഒരു മണിക്ക് മുണ്ടൂർ , പന്നിയമ്പാടം വളവിൽ നാലു കാറുകളിലെത്തിയ കൊള്ളസംഘം മർദ്ധിച്ച് ഇറക്കിവിടുകയും, കാർതട്ടിയെടുത്ത് കൊണ്ടുപോയി കാറിലുണ്ടായിരുന്ന 25.5 ലക്ഷം രൂപ കൊള്ളയടിച്ച ശേഷം കോങ്ങാടിനടുത്ത് കാർ തകർത്ത നിലയിൽ ഉപേക്ഷിച്ച് രക്ഷപ്പെടുകയായിരുന്നു. തുടർന്ന് പാലക്കാട് ജില്ലാ പോലീസ് മേധാവി G. ശിവ വിക്രം IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് കേസ്സന്വേഷണത്തിന് പ്രത്യേക സംഘത്തെ രൂപീകരിക്കുകയായിരുന്നു. നിരവധി CCTV കാമറകൾ , ടോൾ ബൂത്തുകൾ, ഫോൺ കോളുകൾ എന്നിവ പരിശോധിച്ചു വന്നതിൽ നിന്നുമാണ് കൊള്ളസംഘത്തെക്കുറിച്ച് സൂചന ലഭിച്ചത്.തുടർന്ന് അന്വേഷണ സംഘം ചെന്നൈ, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് തൃശ്ശൂർ സ്വദേശികളായ കൊള്ളസംഘത്തിലെ നാലു പേർ വലയിലായത്. തൃശ്ശൂർ ,ഇരിങ്ങാലക്കുട സ്വദേശി സലീഷ് വ :33, പറവട്ടാണി സ്വദേശി രതീഷ് വ :29, ഉള്ളൂർക്കര സ്വദേശി രാകേഷ് വ : 29, പുതുക്കാട് സ്വദേശി അരുൺ വ : 28 എന്നിവരെയാണ് തൃശ്ശൂർ ജില്ലയിലെ വിവിധ ഒളിത്താവളങ്ങളിൽ നിന്നും പോലീസ് കസ്റ്റഡിയിലെടുത്തത്. ബാക്കി പ്രതികൾക്കായി അന്വേഷണം ഊർജ്ജിതമാക്കി. പ്രതികൾ സഞ്ചരിച്ച വാനും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. നടപടിക്രമങ്ങൾക്ക ശേഷം പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.



# കാർ തട്ടിയെടുത്ത് 25.5 ലക്ഷം കവർന്ന സംഘത്തിലെ നാലുപേർ അറസ്റ്റിൽ

പാലക്കാട് DYSP  സാജു K എബ്രഹാം, കോങ്ങാട് ഇന്സ്പെക്ടർ K. C. വിനു, SI. അരിസ് റ്റോട്ടിൽ, ടൗൺ സൗത്ത് SI. R. രഞ്ജിത്ത് അഡീഷണൽ SI. സത്യൻ, ASI.മാരായ സുൽഫിക്കർ , ഉദയകുമാർ ,SCPo രാജേഷ്, CPO ഉണ്ണികൃഷ്ണൻ പ്രത്യേക അന്വേഷണ സംഘത്തിലെ SI. S. ജലീൽ, C.S. സാജിദ്, R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, ഷനോസ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.